35

## മഹാത്മാഗാന്ധി സർവകലാശാല

(സംഗ്രഹം)

16.06.2017-നു ഉച്ചയ്ക്ക് 2.30-നു ബഹു: വൈസ് ചാൻസലറുടെ ആഫീസിൽ വെച്ചു നടന്ന ബഡ്ജറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ മിനിറ്റ്സ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആസൂത്രണവും വികസനവും III – സെക്ഷൻ

നം. 3844/പി & ഡി-3/2/2017/ ഭരണവിഭാഗം തീയതി. പി.ഡി.ഹിൽസ് – 23.06.2017

പരാമർശം: 16.06.2017 ഉച്ചയ്ക്ക് 2.30-ന് ബഹു: വിസിയുടെ ആഫീസിൽ കൂടിയ ബഡ്ജറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ മിനിറ്റ്സ്.

### ഉത്തരവ്

പരാമർശം പ്രകാരം ബഡ്ജറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ യോഗം 16.06.2017 ഉച്ചയ്ക്ക് 2.30-ന് ബഹു: വൈസ് ചൻസലറുടെ ആഫീസിൽ ചേരുകയുണ്ടായി. വിശദമായ ചർച്ചകൾക്കു ശേഷം താഴെ വിശദീകരിച്ചിരിക്കുന്ന കാര്യങ്ങൾ ശുപാർശ ചെയ്തു.

1. ഫെല്ലോഷിപ്പുകൾ:

ജൂൺ മാസം മുപ്പതാംതീയതിക്കകം ഫെല്ലോഷിപ്പുകൾ റീ-ഇമ്പേഴ്സ്മെൻറ് ചെയ്യാനുള്ള പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്.

2. ഇ.പേയ്മെൻറ്.

സാങ്കേതികവശങ്ങൾ പൂർത്തിയായി അവസാനഘട്ടത്തിലെത്തിക്കഴിഞ്ഞു.

3. സിവിൽ സർവീസ് പരിശീലനകേന്ദ്രം

വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ശ്രീമതി മഞ്ജുഷ. കെ.എ. അസിസ്റ്റൻറ് പ്രൊഫസർ, (സ്ക്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡവലപ്പ്മെൻറ് സ്റ്റഡീസ്) എന്നിവരെ ചുമതലപ്പെടുത്തി.

4. സർവകലാശാല ലൈബ്രറിയിൽ ഇ-ജേർണലുകളും ഇ-ബുക്കുകളും.

വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ശ്രീമതി. ലൈലാ ടി. അബ്രഹാം. ലൈബ്രേറിയൻ-ഇൻ ചാർജിനെ ചുമതലപ്പെടുത്തി. അടുത്ത വർക്കിംഗ് ഗ്രൂപ്പിൽ പ്രൊപ്പോസൽ സമർപ്പിക്കണം.

5. സൗജന്യ വൈഫൈ ക്യാമ്പസ്സ്.

സർവകലാശാല യിൽ സൗജന്യ വൈ-ഫൈ കണക്ഷൻ ഒക്ടോബർ 2-ാം തീയതിക്ക് മുൻപ് നടപ്പിൽ വരുത്താൻ തീരുമാനിച്ചു.

6 സർട്ടിഫിക്കറ്റുകൾ ഓൺലൈനായി വിതരണം ചെയ്യുന്നതിനുള്ള സംവിധാനം.

ജൂൺ മാസം മുപ്പതാംതീയതിക്കകം നടപ്പിൽ വരുത്താൻ രജിസ്ട്രാർ ശ്രീ. എം.ആർ. ഉണ്ണിയെ ചുമതലപ്പെടുത്തി.

7. ഗവേഷണരംഗത്തെ മികവിനു പുരസ്ക്കാരം.

ജൂൺ മാസം മുപ്പതാംതീയതിക്കകം നടപ്പിൽ വരുത്താൻ ഐ.ക്യു.എ.സി വിഭാഗത്തെ ചുമതലപ്പെടുത്തി.

**8.അക്കാദമിക്/ഗവേഷണരംഗത്തെ പുസ്തകങ്ങളുടേയും, പ്രബന്ധങ്ങളുടേയും പ്രസിദ്ധീകരണത്തിനു പ്രത്യേക പുരസ്കാരം.**

ജൂൺ മാസം മുപ്പതാം തീയതിക്കകം നടപ്പിൽ വരുത്താൻ ഐ.ക്യു.എ.സി വിഭാഗത്തെ ചുമതലപ്പെടുത്തി.

**9. പേറ്റൻറുകൾക്ക് പ്രത്യേക പുരസ്ക്കാരം.**

ജൂൺ മാസം മുപ്പതാം തീയതിക്കകം നടപ്പിൽ വരുത്താൻ ഐ.ക്യു.എ.സി വിഭാഗത്തെ ചുമതലപ്പെടുത്തി.

**10. മുഴുവൻ സമയ വിദ്യാർത്ഥി സേവനപദ്ധതി.**

ടി സേവന പദ്ധതിയുടെ രൂപീകരണത്തിനായി ശ്രീ. രാധാകൃഷ്ണപിള്ള, ജോയിൻറ് രജിസ്ട്രാർ (2) പരീക്ഷാ വിഭാഗത്തിൻെറ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. കമ്മിറ്റിയിൽ താഴെപ്പറയുന്നവർ അംഗങ്ങളായിരിക്കും.

1. ശ്രീ. ജി. രമേഷ്, ജോയിൻറ് രജിസ്ട്രാർ (1), ഭരണ വിഭാഗം.
2. ശ്രീ. സി. രവീന്ദ്രൻ, ജോയിൻറ് രജിസ്ട്രാർ (1), പരീക്ഷാ വിഭാഗം.
3. ശ്രീ. ആഷിക് എം.എം. കമാൽ, ജോയിൻറ് രജിസ്ട്രാർ (4) , പരീക്ഷാ വിഭാഗം.
4. ശ്രീ. ജി. പ്രകാശ്, ഡപ്യൂട്ടി രജിസ്ട്രാർ, പരീക്ഷാ വിഭാഗം.
5. ശ്രീ. ശബരിഷ്. ജി , അസിസ്റ്റൻറ് സെക്ഷൻ ആഫീസർ, സിടെക്സ്.
5. ശ്രീ. ഹരികൃഷ്ണൻ. എം.വി. സിസ്റ്റം അഡ്മിനിസ്ട്രേറർ.

**11. സർവകലാശാലയിലെ പരീക്ഷാ റെക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യാനുള്ള നടപടികൾ**

പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ സാമ്പത്തിക കാര്യങ്ങൾക്കായ് നിർദ്ദേശങ്ങൾ ക്ഷണിക്കാനും, പ്രസ്തുത നിർദ്ദേശങ്ങൾ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് ജൂൺ മുപ്പതിനകം ആവശ്യമായ നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു.

**12. നാനോ ടെക്നോളജി ആൻറ് നാനോസയൻസിനായി സ്റ്റാറ്റ്യൂട്ടറി ഡിപ്പാർട്ടുമെൻറ്.**

സർവകലാശാലയുടെ അടുത്തവർഷത്തെ ബജറ്റിൽ ടി വിഷയം ഉൾപ്പെടുത്താൻ തീരുമാനിച്ചു.

**13. ഐ.ഐ.ആർ.ബി.എസ്സിൽ ഗണിത ശാസ്ത്രത്തിലും സ്ഥിതി വിവര ശാസ്ത്രത്തിലും ഇൻറഗ്രേറ്റഡ് എം.എസ്.സി.**

പ്രസ്തുത പ്രൊജക്റ്റിൻെറ സാമ്പത്തിക പ്രയോഗക്ഷമതയെക്കുറിച്ച് പഠിച്ച് ജൂൺ മുപ്പതിനകം വിശദമായ നിർദ്ദേശം നൽകാൻ ഡോ. ഇബ്നു സൗദിൻെറ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

**14. എം.എ. കൗൺസിലിംഗ്, എൽ.എൽ.എം. കോഴ്സുകൾ:**

വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ശ്രീമതി മഞ്ജുഷ. കെ.എ. അസിസ്റ്റൻറ് പ്രൊഫസർ, (സ്ക്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡവലപ്പ്മെൻറ് സ്റ്റഡീസ്) എന്നിവരെ ചുമതലപ്പെടുത്തി.

പുതിയ സെൻററുകൾ

1. സെൻറർ ഫോർ സ്റ്റഡീസ് ഇൻ ബയോ ഇൻഫർമാറ്റിക്സ്.

സ്ക്കൂൾ ഓഫ് ബയോസയൻസസ് മേധാവിയോടു വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ തീരുമാനിച്ചു.

2. ബിസിനസ്സ് ഇൻക്യുബേഷൻ സെൻറർ ആൻഡ് സയൻസ് പാർക്ക്:

വിശദമായ നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പിനു മുൻപാകെ സമർപ്പിക്കാൻ ബി.ഐ.ഐ.സി-യുടെ കോർഡിനേറ്ററെ ചുമതലപ്പെടുത്തി.

3. സൗരോർജ്ജ ഗവേഷണത്തിനും വികസനത്തിനുമായി പ്രത്യേക പരീക്ഷണശാല.

നാനോ സയൻസ് വകുപ്പു മേധാവി വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കണം.

4. ഓർഗാനിക് സർട്ടിഫിക്കേഷൻ കേന്ദ്രം.

ശ്രീ. എം.ആർ. ഉണ്ണി, രജിസ്ട്രാർ വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്നു തീരുമാനിച്ചു.

മറ്റു പ്രധാന പദ്ധതികൾ

1. ഹരിതകേരളം.

ശ്രീ. എം.ആർ. ഉണ്ണി, രജിസ്ട്രാർ വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കണം.

2. പരിസ്ഥിതി സൗഹൃദ മാലിന്യ നിർമ്മാർജ്ജന സംവിധാനം.

ശ്രീ. ആർ. വെങ്കിടേഷ്, രജിസ്ട്രാറുടെ പി.എ. ജൂൺ മുപ്പതിനകം നടപടികൾ സ്വീകരിക്കണം

3. പ്രോജക്റ്റ് സെൽ

ടി സെല്ലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ ഒരു സെക്ഷൻ ആഫീസറെ തെരഞ്ഞെടുക്കാൻ രജിസ്ട്രാറെ ചുമതലപ്പെടുത്തി.

4. മികച്ച പ്രകടനം കാഴ്ചവെക്കുന്ന അക്കാദമിക് സെൻററിനും പഠനവകുപ്പിനും പ്രത്യേക വികസന ഫണ്ട്.

ജൂൺ മാസം മുപ്പതാംതീയതിക്കകം നടപ്പിൽ വരുത്താൻ ഐ.ക്യു.എ.സി വിഭാഗത്തെ ചുമതലപ്പെടുത്തി.

5. ക്യാമ്പസ്സിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി പ്രത്യേക കുടിവെള്ള പദ്ധതി.

പട്ടർമഠം ജല പദ്ധതിയുമായി സഹകരിച്ച് പ്രവർത്തിക്കാനുള്ള സാധ്യതകളെക്കുറിച്ച് പുനരാലോചിച്ച് നിർദ്ദേശങ്ങൾ സർവകലാശാല എഞ്ചിനീയറിൽനിന്നും വാങ്ങാൻ തീരുമാനിച്ചു.

6. വിദ്യാർഥികൾക്കായി വെർച്ചൽ കണക്റ്റ് സെൻററും ഡിജിറ്റൽ സൈൻബോർഡുകളും:

ജൂൺ മാസം മുപ്പതാംതീയതിക്കകം വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ശ്രീ. ഹരികൃഷ്ണൻ, എം.വി. സിസ്റ്റം അഡ്മിനിസ്ട്രേറർ -നെ ചുമതലപ്പെടുത്തി.

**അധ്യാപകർക്കും ജീവനക്കാർക്കുമുള്ള ക്ഷേമപദ്ധതികൾ.**

1. **സ്റ്റാഫ് ക്വാർട്ടേഴ്സ് - രണ്ടാം ഘട്ടം.**

എസ്റ്റിമേറ്റ് സമർപ്പിച്ചു കഴിഞ്ഞ സാഹചര്യത്തിൽ, അനുയോജ്യമായ സ്ഥലം സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കാൻ സർവകലാശാലാ എഞ്ചിനീയറേയും പി ആൻഡ് ഡി സെക്ഷനെയും ചുമതലപ്പെടുത്തി.

2. **എം.ജി. സർവകലാശാല പ്രോവിഡൻറ് ഫണ്ട് ഡിജിറൈസ് ചെയ്ത് ഓൺലൈൻ ഇടപാടുകൾ നടപ്പിൽ വരുത്തും.**

പ്രവർത്തനം സംബന്ധിച്ച പുരോഗതി റിപ്പോർട്ട് സമർപ്പിക്കാൻ രജിസ്ട്രാറോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

3. **ജീവനക്കാർക്കുള്ള പരിശീലന കേന്ദ്രം.**

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവണ്മെൻറുമായി അടിയന്തിരമായി ചർച്ചകൾ നടത്താൻ ശ്രീ. എം.ആർ. ഉണ്ണി, രജിസ്ട്രാർ -നെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

4. **ജീവൻപ്രമാൺ' വിരമിച്ച ജീവനക്കാർക്ക് ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പണത്തിനുള്ള സൗകര്യം.**

നടപടികൾ തുടങ്ങി. പ്രവർത്തന പുരോഗതി സംബന്ധമായ റിപ്പോർട്ട് ജൂൺ മുപ്പതിനകം സമർപ്പിക്കാൻ രജിസ്ട്രാറോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
മോഹനൻ.കെ
ഡെപ്യൂട്ടിരജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. വി.സി/പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സനൽ അസിസ്റ്റൻ്റുമാർ
3. ശ്രീമതി. മഞ്ജുഷ കെ.എ, അസിസ്റ്റൻ്റ് പ്രൊഫസർ, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡവലപ്മെൻ്റ് സ്റ്റഡീസ്.
4. ശ്രീമതി. ലൈല ടി എബ്രഹാം, ലൈബ്രേറിയൻ ഇൻ-ചാർജ്ജ്
5. ഐ.ക്യു.എ.സി, ഡയറക്ടർ
6. ശ്രീ. രാധാകൃഷ്ണപിള്ള (ജോയിൻ്റ് രജിസ്ട്രാർ -2, പരീക്ഷാ വിഭാഗം)
7. ശ്രീ. ജയകുമാർ (സെക്ഷൻ ആഫീസർ, പരീക്ഷാ കൺട്രോളറുടെ ആഫീസ്)
8. ശ്രീ. സനൽ (സെക്ഷൻ ആഫീസർ, പരീക്ഷാ മോണിറ്ററിംഗ് വിഭാഗം)
9. ശ്രീ. ജി. രമേഷ് (ജോയിൻ്റ് രജിസ്ട്രാർ1, ഭരണവിഭാഗം)
10. സ്കൂൾ ഓഫ് ബയോസയൻസസ്, വകുപ്പു മേധാവി
11. ഐ.ഐ.ആർ.ബി.എസ്, ഡയറക്ടർ

12. സ്കൂൾ ഓഫ് ബയോസയൻസസ്, വകുപ്പുതലവൻ
13. സർവകലാശാല എഞ്ചിനീയർ
14. ബി.ഐ.ഐ.സിയുടെ കോ-ഓർഡിനേറ്റർ
15. ശ്രീ. ആർ. വെങ്കിടേഷ്, രജിസ്ട്രാരുടെ പി.എ
16. ഡെപ്യൂട്ടി രജിസ്ട്രാർ, പി&ഡി
17. പി & ഡി-1/2 സെക്ഷൻ
18. ഫിനാൻസ് I,IV/ഓഡിറ്റ് I
19. ജോയിന്റ് ഡയറക്ടർ, എൽ.എഫ്.എ/അക്കൗണ്ട്സ് V
20. ശ്രീ. ആഷിക്.എം.എം. കമാൽ (ജോയിന്റ് രജിസ്ട്രാർ - 4 പരീക്ഷാവിഭാഗം)
21. ശ്രീ. ജി. പ്രകാശ് (ഡപ്യൂട്ടി രജിസ്ട്രാർ, പരീക്ഷാവിഭാഗം)
22. ശ്രീ. ശബരീഷ്.ജി (അസിസ്റ്റന്റ് സെക്ഷൻ ആഫീസർ, സിടെക്സ്)
23. ശ്രീ. ഹരികൃഷ്ണൻ എം.വി (സിസ്റ്റം അഡ്മിനിസ്ട്രേറ്റർ)
24. വകുപ്പുമേധാവി, നാനോസയോൻസസ്
25. റെക്കോർഡ്സ് സെക്ഷൻ/ജനറൽ കാഷ്
26. സി.എം.സ്
27. എസ്.എഫ്/എഫ്.സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**ഫയൽ നം: പി & ഡി- 3/2/761/2017/ഭരണവിഭാഗം**